# മുസ്ലീം പേഴ്സണൽ ലോബോർഡിന്റെ തീരുമാനത്തിൽ പ്രതിഷേധിക്കുന്നു

മുസ്ലീം പെൺകുട്ടികൾക്ക് 18 തികയുന്നതിനു മുമ്പ് വിവാഹിതരാകാമെന്നും അതിൽ കൈ കടത്താൻ ഒരു കോടതിക്കും നിയമത്തിനും അവകാശമില്ലെന്നും ഇതിൽ ഇടപെടരുതെന്ന് സുപ്രീം കോടതിയോട് ആവശ്യപ്പെടുമെന്നുമുള്ള മുസ്ലീം പേഴ്സണൽ ലോ ബോർഡിന്റെ തീരുമാനം തികച്ചും ലജ്ജാവഹമാണ്. ഇത്തരം ഒരു തീരുമാനം വഴി രാഷ്ട്രത്തിന്റെ അഖണ്ഡതയേയും പരമാധികാരത്തേയും നീതിന്യായവ്യവസ്ഥയേയും സംഘടിതമതത്തിന്റെ (അത് ഭൂരിപക്ഷമോ ന്യൂനപക്ഷമോ ആകട്ടെ)വക്താക്കൾ ചോദ്യം ചെയ്യുകയാണ്. രാഷ്ട്രത്തിനകത്തു തന്നെ മതാധിഷ്ഠിത രാഷ്ട്രനിർമ്മിതി നടത്തുന്നതിനുള്ള ഇത്തരം പ്രവണതകൾ എന്തു വില കൊടുത്തും ചെറുത്തു തോൽപ്പിക്കേണ്ടതാണ്. മറ്റൊന്ന് മുസ്ലീം യുവതികൾ പർദ്ദ ധരിക്കണമെന്നുള്ള ലോ ബോർഡിന്റെ ആവശ്യം; രാഷ്ട്രം ഒരു പൗരന് ഉറപ്പു നൽകുന്ന വ്യക്തിസ്വാതന്ത്ര്യവും തുല്യാവകാശവും ചോദ്യം ചെയ്യപ്പെടുന്ന ഈ തീരുമാനമെടുത്തതിൽ അതിന്റെ ഫലമനുഭവിക്കേണ്ടിവരുന്നവർക്ക് യാതൊരു പങ്കുമില്ല. നമ്മുടെ സാഹചര്യത്തിൽ മതം ഒരു തിരഞ്ഞെടുപ്പല്ല മറിച്ച് ജന്മം വഴി അടിച്ചേൽപ്പിക്കപ്പെടുന്ന ഒന്നാണ്. ദൈവവിശ്വാസിയായിരിക്കാൻ ഒരു മതാനുഷ്ഠാനമോ ഒരു മതത്തിന്റെ തണലോ ആവശ്യമില്ല. എന്തിന്റെ പേരിലാണെങ്കിലും മറ്റൊരു രാജ്യത്ത് പ്രാബല്ല്യത്തിലിരിക്കുന്ന വസ്ത്രധാരണരീതി ഈ നാട്ടിലെ സ്ത്രീകൾക്കു വേണ്ടി നിഷ്കർഷിക്കുന്ന ഇക്കൂട്ടർ പുരുഷന്റെ കാര്യത്തിൽ എന്തു കൊണ്ട് ഇത്തരം ശാഠ്യങ്ങൾ കാണിക്കുന്നില്ല?

രാഷ്ട്രവിരുദ്ധവും സ്ത്രീവിരുദ്ധവുമായ മുസ്ലീം പേഴ്സണൽ ലോ ബോർഡിന്റെ ഈ തീരുമാനങ്ങളിൽ സ്ത്രീവേദി ശക്തമായി പ്രതിഷേധിക്കുന്നു. മതസ്വാതന്ത്ര്യത്തിന്റെ പേരിൽ സ്ത്രീകൾക്കെതിരെ വിവേചനം വെച്ച് പുലർത്തുന്ന എല്ലാ വ്യക്തി നിയമങ്ങളും മാറ്റി, സ്വതന്ത്ര്യവും നീതിയിലധിഷ്ഠിതവും എല്ലാ ജനവിഭാഗങ്ങൾക്കും ഒരു പോലെ ബാധകവുമായ ഒരു പൊതുനിയമം കൊണ്ടുവരുന്നതിനുള്ള നടപടികൾ കേന്ദ്രസർക്കാരിന്റെ ഭാഗത്തു നിന്നും എത്രയും പെട്ടെന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

*എം. എം. ഗ്രേസി*
*കേരള സ്ത്രീവേദി*
*സംസ്ഥാന സമിതി അംഗം*

## ക്രുനിൻമേൽ കുരു

മുസ്ലീം പെൺകുട്ടികൾക്ക് 18 വയസ്സ് തികയും മുമ്പേ വിവാഹം കഴിക്കാമെന്ന മുസ്ലീം പേഴ്സണൽ ലോ ബോർഡിന്റെ തീരുമാനം ഒരു മുസ്ലീം പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം ക്രുനിൻമേൽ കുരു എന്ന അവസ്ഥയിലേക്കാണ് എത്തിക്കുന്നത്. വിവാഹം എന്ന വ്യവസ്ഥിതിയിൽ സ്ത്രീ ഏർപ്പെടേണ്ടിവരുമ്പോൾ സ്ത്രീക്ക് സ്വന്തം ശരീരത്തിന്റെ മേലുള്ള അവകാശം ഇല്ലാതാകുന്നു. മാനസികവും ശാരീരികവുമായ തിരിച്ചറിവുകൾ ഉണ്ടാകുന്നതിനു മുമ്പേ നേരിടേണ്ടിവരുന്ന ഈ പരിതസ്ഥിതി ഒരു പെൺകുട്ടിയുടെ ജീവിതത്തെ കൂടുതൽ ദുസ്സഹമാക്കുമെന്നതിന് സംശയമില്ല. പൊതുവേ സാമുദായികബോധം തീവ്രമായ മുസ്ലീം സമുദായത്തിൽ കൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്നത് സ്ത്രീ വർഗ്ഗമാണെന്ന സത്യം ഒന്നുകൂടി തീവ്രമാക്കുകയാണ് പുതുതായി വന്ന ഈ നിയമവും ചെയ്യുന്നത്. വിവാഹകമ്പോളത്തിലേക്കുള്ള ഒരു ചരക്കു മാത്രമാണ് സ്ത്രീയെന്നും സ്ത്രീയെന്നത് ഒരു ശരീരം മാത്രമാണെന്നുമുള്ള പുരുഷവർഗ്ഗത്തിന്റെ തെറ്റായ ധാരണയെ ഊട്ടിയുറപ്പിക്കലാണ് സ്ത്രീയുടെ വസ്ത്രധാരണത്തിലുള്ള നിയന്ത്രണം. സ്ത്രീകൾക്കു മാത്രം എന്തിനാണ് ഒരു വസ്ത്രമണിയൽചട്ടം? സ്ത്രീയുടെ ശരീരം മറച്ചുവെയ്ക്കേണ്ട ഒന്നാണെന്നും സ്ത്രീയാണ് പുരുഷമൂല്യങ്ങൾ നിലനിർത്തേണ്ടതെന്നുമുള്ള ധാരണ വളർത്തേണ്ടതും നിലനിർത്തേണ്ടതും പുരുഷന്റെ ആവശ്യമാണ്. ഇതിൽ ഇടപെടാനുള്ള അവകാശം സ്വന്തം രാജ്യത്തിലെ കോടതിക്കില്ലെന്ന മുസ്ലീം സമുദായത്തിന്റെ(പുരുഷവർഗ്ഗത്തിന്റെ) തീരുമാനം ഒരു ജനാധിപത്യരാഷ്ട്രത്തിനു ചേർന്നതല്ല. സ്ത്രീയെ എന്നും തടവറയിൽ(അകത്തളങ്ങളിൽ, പർദ്ദയിൽ) തളച്ചിടാൻ മാത്രമാണ് ഈ സമൂഹം ശ്രമിക്കുന്നത്.

*ചേതന തൃശ്ശൂർ*

**കത്തുകൾ – അറിയിപ്പുകൾ**
കേരളീയം, തൃശ്ശൂർ-21
keraleeyamtcr@rediffmail.com

## കോളസമരത്തിന് പിന്തുണ

സാമൂഹ്യമാറ്റത്തിനു വേണ്ടി പ്രവർത്തിക്കുന്ന ഒരു സംഘടനയുടെ ആലപ്പുഴ ജില്ലയിലെ പ്രവർത്തകനാണ് ഞാൻ. പ്ലാച്ചിമടയിൽ കൊക്കകോള കമ്പനിക്കെതിരായി നടക്കുന്ന സമരത്തിന് പിന്തുണ പ്രഖ്യാപിക്കുന്നു. പോസ്റ്റർ പ്രചരണത്തിൽ പങ്കുചേരുന്നതാണ്.

*എസ്. ഉദയകുമാർ*
*കുത്തിയതോട്, ആലപ്പുഴ*

## സാധാരണക്കാർക്കായി സൈബർ വിലാസം

കേരളീയത്തിന്റെ വാർത്താവതരണത്തിനും സാധാരണക്കാരോടുള്ള പ്രതിബദ്ധതക്കും അഭിനന്ദനങ്ങൾ. സാധാരണക്കാർക്കായി നമുക്ക് ഒരു സൈബർ വിലാസം ഉണ്ടാക്കിയെടുത്തുകൂടെ? വേഗതകൂടിയതും ചെലവ് കുറഞ്ഞതും സുരക്ഷിതവുമായ മാർഗം എന്ന നിലയിലാണ് ഇത് നിർദ്ദേശിക്കുന്നത്.

*രാജീവ്. ബി*
*കഞ്ചിക്കോട്, പാലക്കാട്*
*rajeevanmambully@rediff.com*

## എഡിറ്ററുടെ കത്രികക്ക് മൂർച്ച കൂടുതൽ

എഡിറ്ററുടെ കത്രിക മൂർച്ച കൂടുതലാണെന്ന് മാത്രമല്ല അത് ചെരിഞ്ഞും വളഞ്ഞുമാണ് പ്രവർത്തിക്കുന്നതെന്നും മനസ്സിലായി. എഡിറ്റർക്ക് രചനകളിൽ കത്രിക വെക്കാനുള്ള അധികാരമുണ്ട് എന്ന കാര്യം ശരിതന്നെ. പക്ഷെ, എഴുതിയ ആൾ ഉദ്ദേശിക്കാത്ത അർത്ഥം വരുന്ന രീതിയിലുള്ള കത്രിക പ്രയോഗം ശരിയല്ല. ആശയപരമായി യോജിക്കാത്തവ പ്രസിദ്ധീകരിക്കാതിരിക്കുന്നതാണ് ഉചിതം.

*ശങ്കരനാരായണൻ,*
*മലപ്പുറം*

## ജൂലായ് -ആഗസ്റ്റ് കേരളീയം പ്രചരണമാസം

കൂടുതൽപേരെ വരിക്കാരും വായനക്കാരുമാക്കാൻ സർക്കുലേഷൻ എക്സിക്യൂട്ടീവുകളും സുഹൃത്തുക്കളും വിവിധ പ്രദേശങ്ങളിൽ പ്രവർത്തിച്ചുവരുന്നുണ്ട്. പത്രം വിപുലപ്പെടുത്താൻ വായനക്കാർ/അഭ്യുദയകാംക്ഷികൾ അനുയോജ്യരെ കണ്ടെത്തിയും പരിചയപ്പെടുത്തിയും സഹകരിക്കുമല്ലോ.